# Deepika

## 16 July 2018

## Vypin, Heavy Rain, Sea Level Rise Off

# വൈപ്പിൻ തീരത്ത് കടലാക്രമണം

**വൈപ്പിൻ:** കനത്ത മഴയെത്തുടർന്ന് കടൽക്ഷോഭിച്ചതോടെ വൈപ്പിൻ തീരത്ത് കടലാക്രമണം. മുനമ്പം, ചെറായി, എടവനക്കാട്, നായരമ്പലം മേഖലകളിലാണ് കടൽക്ഷോഭം രൂക്ഷം. ഇന്നലെ വൈകുന്നേരം മുനമ്പം വേളാങ്കണ്ണിക്കടപ്പുറത്ത് കടൽഭിത്തിക്കു മുകളിലൂടെ കടൽ ഇരമ്പിക്കയറിയതോടെ തീരദേശ റോഡിലേക്കും പള്ളിയിലേക്കും പരിസരത്തെ വീടുകളിലേക്കും കടൽ വെള്ളം കയറി. ഈ ഭാഗത്ത് കടൽഭിത്തിയോടു ചേർന്ന് സ്ഥിതിചെയ്യുന്ന ഒരു റിസോർട്ടിനു പിന്നിലായാണ് കടൽത്തിരകൾ ആഞ്ഞുപതിക്കുന്നത്.

ചെറായി, കുഴുപ്പിള്ളി, എടവനക്കാട് മേഖലകളിലും കടൽഭിത്തിക്കു മുകളിലൂടെ വെള്ളം അടിച്ചു കയറി തീരദേശ റോഡ് തോടായ അവസ്ഥയിലാണ്. ഈ മേഖലയിൽ റോഡിൽ മണലും അടിഞ്ഞിട്ടുണ്ട്. ഇതോടെ തീരദേശറോഡിൽ പലയിടത്തും റോഡ് ഗതാഗതം തടസപ്പെട്ട് കിടക്കുകയാണ്. ഈ പ്രദേശത്ത് കടൽഭിത്തിയില്ലാത്തതിനാലാണ് കടൽകയറ്റം രൂക്ഷം.

കുഴുപ്പിള്ളി ഭാഗത്ത് സെയ്തു മുഹമ്മദ് റോഡിനു പടിഞ്ഞാറ് ഭാഗത്തും പഴങ്ങാട് പടിഞ്ഞാറും കടൽഭിത്തിക്കു മുകളിലൂടെ വെള്ളം അടിച്ചുകയറി തീദേശ റോഡിൽ ഗതാഗതം നിലച്ചു.

അണിയൽ, നായരമ്പലം പുത്തൻ കടപ്പുറം, പള്ളി പരിസരം, ഞാറക്കൽ മേഖല എന്നിവിടങ്ങളിൽ കടൽഭിത്തിക്കു മുകളിലൂടെ വെള്ളം അടിച്ചുകയറുന്നുണ്ടെങ്കിലും സ്ഥിതി രൂക്ഷമല്ല. കാറ്റുംകോളുമുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ഇന്നലെ മത്സ്യബന്ധനത്തിനു പോയില്ല.



കടൽക്ഷോഭം രൂക്ഷമായ ചെല്ലാനം കടപ്പുറത്ത് തീരത്തേക്കു തിരയടിച്ചുകയറുന്നു.